# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5695 — 02.07.2019 ൽ മറുപടിയ്ക്ക്

## കൊച്ചി മംഗളവനത്തിന്റെ സംരക്ഷണം

| ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | കൊച്ചി നഗരത്തിന്റെ ശ്വാസകോശമായ മംഗളവനത്തിന്റെ സംരക്ഷണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (ബി) മംഗളവനം പക്ഷിസങ്കേതത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി മുഴുവൻ സമയ വനപാലകരെ നിയോഗിച്ചിട്ടുണ്ട്. വാച്ചർമാരെ നിയോഗിച്ച് മംഗളവനവും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നു. പക്ഷി സങ്കേതത്തിലെ ജലാശയങ്ങൾ വൃത്തിയാക്കി പക്ഷികളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നു. ജലാശയങ്ങളുടെ ഓരങ്ങളിൽ കണ്ടൽത്തൈകൾ നട്ട് പരിപാലിക്കുകയും ജലാശയങ്ങളുടെ നീരൊഴുക്ക് പരിപോഷിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മംഗളവനത്തിന്റെ സംരക്ഷണത്തിനായി ഇക്കോ സെൻസിറ്റീവ് സോണിന്റെ കരട് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. മംഗളവനത്തിലെ ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്ന ചെടികൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. മംഗളവനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും അവബോധന ക്ലാസ്സുകളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ